20. സ്ത്രൈണകാമനകളുടെ പദങ്ങളും പ്രതീകങ്ങളും
ആരതി വി. നായർ 230
21. കഥയിൽ ഗുരുപ്രഭാവം നിറയുമ്പോൾ
ഡോ.നീലിമ ജയദേവൻ 238
22. കാർട്ടൂൺ - ചരിത്രവും വർഗീകരണവും
ഗ്രീഷ്മ ആൻ ജോർജ്ജ് 255
23. അധികാരത്തിന്റെ നിഗൂഢനിയതികളും
അധിനിവേശങ്ങളും
ഡോ.പ്രിൻസ്മോൻ ജോസ് 262
24. അതിജീവനാധിഷ്ഠിത സ്വത്വബോധം
കെ.ആർ.മീരയുടെ ചെറുകഥകളിൽ
രമ്യ ആർ. 271
25. ക്രിസ്തീയഗാനങ്ങൾ മലയാള സിനിമയിൽ
സിജി എം.വി. 285
26. ദുരന്തബോധം ലോഹിതദാസിന്റെ തിരക്കഥകളിൽ
തിങ്കൾ യു.എസ്. 306
27. സത്യാനന്തരയുഗത്തിലെ പരിസ്ഥിതികഥ
ആർ. ചന്ദ്രബോസ് 319
28. കടപ്പുറം: അപരസ്ഥല നിർമ്മിതി
ധന്യ പി.ഡി. 332
29. മലയാളത്തിലെ ദന്ത്യ, വർസ്യ അനുനാസികങ്ങൾ
ഡോ.എൽ.അലക്സ് 349
30 കാവ്യരൂപകങ്ങളുടെ രാഷ്ട്രീയം
ഡോ.പി.വി.സജീവ് 360

ുടി

നം, സംഭാഷണം
ാക്ഷ്യപ്പെടുത്തുന്നു
ുഴുത്തിലും ജീവിത
. അതുകൊണ്ട് ത
ങ്ങളോട് ലോഹിത
ൃതിയിൽ ആവിഷ്
ന്നു ലോഹിതദാസ്

ഠനം, എസ്.പി.സി.

ഠനം മുതൽ നിവേ

ർമ്മ, പഠനം, സംഭാ
ോട്, 2014
ു ബുക്സ്, തൃശ്ശൂർ,

ാപുറങ്ങൾ, കറന്റ്



# സത്യാനന്തരയുഗത്തിലെ പരിസ്ഥിതികഥ

ആർ. ചന്ദ്രബോസ്

'എല്ലാത്തരം സിദ്ധാന്തവത്ക്കരണങ്ങളെയും ചെറുക്കുകയും ജീവിതത്തെക്കുറിച്ചുള്ള സ്വതന്ത്രാന്വേഷണങ്ങളായിത്തീരുകയും ചെയ്യുന്നു കഥ' എന്ന് 1990 കളിൽ മലയാളചെറുകഥയിൽ പ്രകടമായ നവവിചാരമാതൃകകളെ (Paradigm shift) സൂചിപ്പിച്ചുകൊണ്ട് എൻ.പ്രഭാകരൻ പറയുകയുണ്ടായി. (കഥ തേടുന്ന കഥ 1991). അതി സാങ്കേതികയുഗത്തിന്റെ വിവരവിസ്ഫോടനങ്ങളും സൈബർമുതലാളിത്തവും മാധ്യമസംസ്കാരവും പൊലിപ്പിച്ചെടുത്ത ഉത്തരാധുനിക ജീവിതപരിതോവസ്ഥയിൽ ജീവിതത്തിന്റെ ഉണ്മകൾ തിരയുന്നതിൽ ചെറുകഥ എന്ന സാഹിത്യരൂപം നടത്തിയ സാഹസികസഞ്ചാരങ്ങൾ മലയാളചെറുകഥാചരിത്രത്തിലെ തിളക്കമുള്ള ഏടുകളാണ്. ഉത്തരാധുനിക ജീവിതാവസ്ഥയിൽ നിന്ന് സത്യാനന്തരയുഗത്തിലെത്തുമ്പോഴും മലയാള കഥ അതിന്റെ നിലപാടുതറയിൽ ഉറച്ചു നിൽക്കുന്നു എന്ന് സമകാല കഥതെളിയിക്കുന്നു. ജീവിതത്തെക്കുറിച്ചുള്ള സ്വതന്ത്രാന്വേഷണങ്ങളാണ് കഥയ്ക്കു കരുത്തേകുന്നത്. ജീവിതസത്യങ്ങൾ ഉള്ളടക്കം ചെയ്ത വിസ്മയശില്പമായി അങ്ങനെ കഥ മാറുന്നു. ജീവന്റെ ഹർഷങ്ങളും നിലനില്പിന്റെ രാഷ്ട്രീയവും സമകാലകഥകളിൽ നാളിതുവരെ പരിചിതമല്ലാതിരുന്ന റിയലിസ്റ്റിക് അവബോധത്തോടെ ആഖ്യാനം ചെയ്യപ്പെടുന്നുണ്ട്. പാരിസ്ഥിതികജീവിതാഖ്യാനങ്ങൾ നിർവഹിക്കുന്ന സമകാലകഥകൾ ഇതിനു തെളിവാണ്. കഥ, കേവലം കഥയെന്ന അനുഭവതലം വിട്ടുയർന്ന് സൈദ്ധാന്തികതയിലേക്കും വൈജ്ഞാനികമായ തുറവികളിലേക്കും നമ്മെ നയിക്കുന്നു. സമ്പദ്ഘടനയും രാഷ്ട്രീയവ്യവസ്ഥയും സംസ്കാരവും ഏകശിലാരൂപമായി മാറുന്ന സംസ്കാരവ്യവസായ കാലത്ത് പരിസ്ഥിതി കഥകൾ പ്രതിരോധത്തിന്റെ ആയുധമായത്തീരേണ്ടതുണ്ട്. പ്രാദേശികമായ പ്രകൃതിജീവിത പരിസരത്തിൽ നിന്നുകൊണ്ട് ജീവന്റെ ഹർഷവും വന്യതയും